"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ് - ജീവനകാര്യം - കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീമതി.സജിനി.ഡി യുടെ അന്യത്രസേവനകാല വ്യവസ്ഥയിലുള്ള നിയമനം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.635/2024/LSGD തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-

1. 10.03.2013ലെ 42/13/ഫിൻ നമ്പർ സർക്കുലർ
2. 22.02.2022ലെ സ.ഉ.(സാധാ)നം.398/2022/തസ്വഭവ നമ്പർ ഉത്തരവ്
3. 21.02.2023ലെ സ ഉ (സാധാ)നം.447/2023/എൽഎസ് ജിഡി നമ്പർ ഉത്തരവ്
4. 21.10.2023ലെ സ ഉ (സാധാ)നം.2069/2023/തസ്വഭവ നമ്പർ ഉത്തരവ്
5. ശ്രീമതി സജിനിയുടെ 20.12.2023-ലെ അപേക്ഷ
6. എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 01.02.2024ലെ ഡിപി 02-572/22 നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ആയ ശ്രീമതി.സജിനി.ഡി യ്ക്ക് പരാമർശം (2) പ്രകാരം പത്തനംതിട്ട ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവനകാലവ്യവസ്ഥയിൽ നിയമനം നൽകുകയും പരാമർശം (3) പ്രകാരം ടിയാളുടെ അന്യത്രസേവനകാലാവധി ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീമതി.സജിനി.ഡി യുടെ അന്യത്രസേവനകാലാവധി 21.02.2024 ന് അവസാനിക്കുന്ന സാഹചര്യത്തിൽ ടിയാൾക്ക് ഒരു വർഷത്തേയ്ക്ക് കൂടി അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിനായുള്ള പരാമർശം(5) അപേക്ഷ പരാമർശം (6) പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ശിപാർശ ചെയ്ത് സമർപ്പിച്ചു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ആയി സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സജിനി.ഡി- യുടെ എറണാകുളം ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ അന്യത്രസേവന കാലാവധി , 22.02.2024 മുതൽ ഒരു വർഷത്തേയ്ക്കോ അല്ലെങ്കിൽ പരാമർശം (4) ഉത്തരവ് പ്രകാരം പി.എസ്.സി മുഖേനയോ/ ബൈ ട്രാൻസ്ഫർ മുഖേനയോ പുതിയ ഉദ്യോഗസ്ഥൻ വരുന്നത് വരെയോ ഏതാണോ ആദ്യം അത് വരെ, പരാമർശം (1) സർക്കുലറിലെ വ്യവസ്ഥകൾക്കും അന്യത്രസേവന അടിസ്ഥാനത്തിലുള്ള നിയമനം സംബന്ധിച്ചുള്ള നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

സ.ഉ.(സാധാ) നം.635/2024/LSGD

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ഭൂവിനിയോഗ കമ്മീഷണർ , കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്
3.പ്രസിഡന്റ് / സെക്രട്ടറി , എറണാകുളം ജില്ലാ പഞ്ചായത്ത്
4.ശ്രീമതി.സജിനി ഡി , കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ,
(എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി മുഖേന)
5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ
6.അക്കൗണ്ടന്റ് ജനറൽ(എൽ ബി & എ) ) കേരള, തിരുവനന്തപുരം
7.ഡയറക്ടർ . ഐ കെ എം
8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
9.കരുതൽ ഫയൽ (ഫയൽ നം.33/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 16-03-2024 14:53:26